ഭരണഭാഷ മാതൃഭാഷ

**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**

**KERALA STATE BIODIVERSITY BOARD**

A statutory and autonomous body, Government of Kerala

**KSBB/168/2025-CA** തിയതി: 12-08-2025

## കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

## 18-ആമത് വിദ്യാർത്ഥികളുടെ ജൈവവൈവിധ്യ കോൺഗ്രസ് (2025-2026)

**മുഖ്യപ്രമേയം** : "Dharani 2025: Kerala's Youth Uniting for Biodiversity & Climate change"

(ധരണി 2025: ജൈവവൈവിധ്യ-കാലാവസ്ഥാ വിജ്ഞാന പ്രതിബദ്ധതയോടെ യുവകേരളം)

### മത്സരങ്ങൾക്കുള്ള പൊതു മാർഗ്ഗനിർദ്ദേശങ്ങൾ

വിദ്യാർത്ഥികൾക്കിടയിൽ ജൈവവൈവിധ്യ സംരക്ഷണം സംബന്ധിച്ച അവബോധം നടത്തുന്നതിനായി, സംസ്ഥാന ജൈവവൈവിധ്യ ബോർഡ് വർഷംതോറും നടത്തിവരുന്ന പരിപാടിയാണ് വിദ്യാർത്ഥികളുടെ ജൈവവൈവിധ്യ കോൺഗ്രസ്. വിദ്യാർത്ഥികൾക്കായി പരിസ്ഥിതി സംബന്ധിയായ വിഷയങ്ങളിൽ വിവിധ മത്സരങ്ങൾ നടത്തുകയും പരിസ്ഥിതി അവബോധം അവരിൽ സൃഷ്ടിക്കാനുള്ള സാഹചര്യം ഒരുക്കുകയുമാണ് ബോർഡ് ഈ പരിപാടിയിലൂടെ ഉദ്ദേശിക്കുന്നത്. കഴിഞ്ഞ പതിനേഴ് വർഷങ്ങളായി വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും വിവിധ മത്സരങ്ങൾ ജൂനിയർ, സീനിയർ, കോളേജ് വിഭാഗങ്ങളിൽ നടത്തിവരുന്നു. ജില്ലാതല മത്സരങ്ങളിൽ ഒന്നാം സമ്മാനം നേടുന്നവരെ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നേരിട്ട് നടത്തുന്ന സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുപ്പിക്കും. സമ്മാനങ്ങൾ തുടർന്ന് വരുന്ന സംസ്ഥാന ജൈവവൈവിധ്യ കോൺഗ്രസിലോ, ബോർഡിന്റെ മറ്റേതെങ്കിലും പ്രധാന പരിപാടിയിലോ വച്ച് വിതരണം ചെയ്യുതായിരിക്കും.

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, വിദ്യാർത്ഥികളുടെ 18-ആമത് ജൈവവൈവിധ്യ കോൺഗ്രസ്സിന്റെ ഭാഗമായി ജില്ലാ, സംസ്ഥാന തലത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി (ജൂനിയർ, സീനിയർ വിഭാഗം) പ്രോജക്ട് അവതരണം, പെയിന്റിംഗ് മത്സരം, പെൻസിൽ ഡ്രോയിങ് മത്സരം, പുരയിട ജൈവവൈവിധ്യ സംരക്ഷണ മത്സരം എന്നിവയും ശാസ്ത്ര വിഷയങ്ങളിലെ ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾക്കായി (കോളെജുതലം) പ്രോജക്ട് അവതരണ മത്സരവും സംഘടിപ്പിക്കുന്നു. ജില്ലാതല മത്സരങ്ങളിൽ ആദ്യത്തെ രണ്ട് സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് (ഓരോ വിഭാഗത്തിലും) മെമന്റോയും സർട്ടിഫിക്കറ്റും നൽകുന്നതാണ്. സംസ്ഥാന തലത്തിൽ ആദ്യ രണ്ട് സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് മെമന്റോയും സർട്ടിഫിക്കറ്റും കാഷ് അവാർഡും ഉണ്ടായിരിക്കുന്നതാണ്. മത്സരത്തിന്റെ ഭാഗമായി ലഭിക്കുന്ന എൻട്രികളുടെ പകർപ്പവകാശം കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിനായിരിക്കും. ജില്ലാതല മത്സരങ്ങൾ ജില്ലാ കോർഡിനേറ്റർ നിശ്ചയിക്കുന്ന സ്ഥലങ്ങളിൽ നടത്തുന്നതാണ്. പ്രൊജക്റ്റ് അവതരണത്തിനും, പുരയിട ജൈവവൈവിധ്യ സംരക്ഷണ മത്സത്തിനും മാത്രമേ സംസ്ഥാനതലത്തിൽ അടുത്ത ഘട്ട മൽസരം ഉണ്ടാവൂ. പെയിന്റിംഗ്, പെൻസിൽ ഡ്രോയിങ് മത്സരങ്ങളിൽ ജില്ലാ തലങ്ങളിൽ ഒന്നാം സമ്മാനാർഹമായ ഒറിജിനൽ സൃഷ്ടികളിൽ നിന്നും സംസ്ഥാനതല വിജയികളെ നിർണ്ണയിക്കുന്നതാണ്. ജില്ലാതലത്തിലും സംസ്ഥാന തലത്തിലും നടക്കുന്ന മത്സരങ്ങളിൽ വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

ജില്ലാതലത്തിൽ ഒന്നാം സമ്മാനം ലഭിക്കുന്നവരുടെ എൻട്രികൾ (പെയിന്റിംഗ്, പെൻസിൽ

ഡ്രോയിംഗ്) ജില്ലാ കോർഡിനേറ്റർമാർ സമയ ബന്ധിതമായി ബോർഡിലേയ്ക്ക് അയയ്ക്കേണ്ടതാണ്. സംസ്ഥാനതലത്തിൽ വിദഗ്ധരുടെ നേതൃത്വത്തിൽ ഇവ മൂല്യനിർണ്ണയം നടത്തി സംസ്ഥാനതല വിജയികളെ കണ്ടെത്തുന്നതാണ്. പ്രോജക്ട് അവതരണത്തിന്റെയും പുരയിട ജൈവവൈവിധ്യ സംരക്ഷണഅവതരണത്തിന്റെയും ഒന്നാം സ്ഥാനം ലഭിച്ച റിപ്പോർട്ടുകൾ ജില്ലാതല മത്സരസമയത്ത് ജില്ലാ കോർഡിനേറ്റർമാർ വാങ്ങി ബോർഡിലേക്ക് താമസംവിനാ സമർപ്പിക്കേണ്ടതാണ്.

ജില്ലാതലമത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്നവർക്ക് മെമന്റോയും സർട്ടിഫിക്കറ്റും, പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റ്, അധ്യാപകർക്ക് ഡ്യൂട്ടി സർട്ടിഫിക്കറ്റ് എന്നിവ ജില്ലാകോർഡിനേറ്റർമാർ ലഭ്യമാക്കേണ്ടതാണ്. ഇവയുടെ സോഫ്റ്റ് കോപ്പി ബോർഡിൽ നിന്നും അയച്ചു നൽകുന്നതാണ്.

കേരള സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഗവൺമെന്റ്/ എയിഡഡ്/ അൺഎയിഡഡ് (സി.ബി.എസ്.സി/ ഐ.സി.എസ്.ഇ ഉൾപ്പെടെ) സ്കൂളുകളിലെ വിദ്യാർത്ഥികൾക്കും, ജൈവവൈവിധ്യ ക്ലബ്ബുകൾ രജിസ്റ്റർ ചെയ്തിട്ടുള്ള കോളേജുകളിലെ (ഗവൺമെന്റ്/ എയിഡഡ്/ അൺഎയിഡഡ്) വിദ്യാർത്ഥികൾക്കും ജൈവവൈവിധ്യ കോൺഗ്രസ് മത്സരങ്ങളിൽ പങ്കെടുക്കാവുന്നതാണ്.

മൂന്നു വിഭാഗങ്ങളിലായി പ്രൊജക്റ്റ് അവതരണം (സ്കൂൾ-ജൂനിയർ,സ്കൂൾ-സീനിയർ, കോളേജ്), സ്കൂൾ സീനിയർ& ജൂനിയർ പുരയിട ജൈവവൈവിധ്യ സംരക്ഷണ അവതരണം, സ്കൂൾ സീനിയർ& ജൂനിയർ പെയിന്റിംഗ് മത്സരം, സ്കൂൾ സീനിയർ & ജൂനിയർ പെൻസിൽ ഡ്രോയിംഗ് എന്നീ 4 ഇനം മത്സരങ്ങൾആണ് സംഘടിപ്പിക്കേണ്ടത്.

**വിഭാഗങ്ങൾ**

മൂന്നു വിഭാഗങ്ങളിലായാണ് മത്സരം സംഘടിപ്പിക്കുന്നത്.

1. ജൂനിയർവിഭാഗം (വയസ്സ് 10 മുതൽ 14 വരെയുള്ള സ്കൂൾ വിദ്യാർത്ഥികൾ)

2. സീനിയർവിഭാഗം (വയസ്സ് 15 മുതൽ 18 വരെയുള്ള സ്കൂൾ വിദ്യാർത്ഥികൾ)

3 കോളേജു വിഭാഗം പ്രൊജക്റ്റ് അവതരണ മത്സരം (വയസ്സ് 19 മുതൽ 22 വരെയുള്ള,

ശാസ്ത്ര വിഷയങ്ങളിലെ ബിരുദ/ബിരുദാനന്തര വിദ്യാർത്ഥികൾ)

2025 ഡിസംബർ 31 അടിസ്ഥാനമാക്കി വിദ്യാർത്ഥികളുടെ പ്രായം കണക്കാക്കാവുന്നതാണ്.

വിശദവിവരങ്ങൾക്കായി സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ വെബ്സൈറ്റ് (www.keralabiodiversity.org) സന്ദർശിക്കാവുന്നതാണ്. അപേക്ഷകരുടെ വിവരങ്ങൾ ബോർഡിന്റെ വെബ്സൈറ്റിൽ നൽകിയിട്ടുള്ള ഗൂഗിൾ ഷീറ്റിൽ പൂരിപ്പിച്ച് സമർപ്പിക്കേണ്ടതും, ബന്ധപ്പെട്ട മത്സരയിനത്തിന്റെ പൂരിപ്പിച്ച അപേക്ഷഫോം സ്കാൻ ചെയ്ത്, ആവശ്യമായ രേഖകളും ഉൾപ്പെടുത്തി അവസാന തീയതിക്ക് മുൻപായി ബന്ധപ്പെട്ട ജില്ലാ കോർഡിനേറ്ററുടെ ഇമെയിലിൽ സമർപ്പിക്കേണ്ടതുമാണ്. ജില്ലാ കോർഡിനേറ്റർമാരുടെ കോണ്ടാക്ട് വിവരങ്ങൾ https://keralabiodiversity.org/?page_id=714 ലിങ്കിൽ ലഭ്യമാണ്. സംശയ നിവാരണത്തിനായി കെഎസ്ബിബിയുടെ ബന്ധപ്പെട്ട ജില്ലാ കോർഡിനേറ്ററെയോ, ബോർഡിന്റെ ഇ-മെയിലിലോ (keralabiodiversity@gmail.com), ഓഫീസ് ഫോണിലോ (0471-2724740) ബന്ധപ്പെടാവുന്നതാണ്.

**പൂരിപ്പിച്ച അപേക്ഷകൾ ജില്ലാ കോർഡിനേറ്ററുടെ ഇമെയിലിൽ സമർപ്പിക്കേണ്ട അവസാന തീയതി 10 സെപ്റ്റംബർ 2025.**

**മത്സര വിഭാഗങ്ങൾ**

1. **പ്രോജക്ട് അവതരണം (ജില്ലാ, സംസ്ഥാന തലം)**

പ്രമേയം : Nature based solutions for climate disaster reduction
(കാലാവസ്ഥാ, ദുരന്ത ലഘൂകരണത്തിനായി പ്രകൃത്യാധിഷ്ഠിത പരിഹാരങ്ങൾ)

പ്രോജക്ടുകൾ രണ്ടു പേർ അടങ്ങിയ ഗ്രൂപ്പായിട്ടാണ് പങ്കെടുക്കേണ്ടതും, പ്രബന്ധങ്ങൾ അവതരിപ്പിക്കേണ്ടതും. ജില്ലാതലത്തിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന ടീമിന് സംസ്ഥാന തലത്തിൽ പങ്കെടുക്കാൻ അവസരമുണ്ടാകുന്നതാണ്. മത്സരങ്ങൾ 2025 സെപ്റ്റംബർ മാസത്തിൽ ജില്ലാതലത്തിൽ നടത്തുന്നതാണ്. പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ജില്ലാതലത്തിൽ ആദ്യ രണ്ട് സ്ഥാനങ്ങൾ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് മെമന്റോയും സർട്ടിഫിക്കറ്റും നൽകുന്നതാണ്. സംസ്ഥാന തലത്തിൽ ആദ്യ രണ്ട് സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് മെമന്റോയും സർട്ടിഫിക്കറ്റും കാഷ് അവാർഡും ഉണ്ടായിരിക്കുന്നതാണ്. പ്രോജക്റ്റ് റിപ്പോർട്ട് (പൂരിപ്പിച്ച അപേക്ഷാ ഫോറം അടക്കം) ഹാര്ഡ് കോപ്പി ജില്ലാതലത്തിൽ നിർബന്ധമായും നൽകേണ്ടതാണ്. ജില്ല, സംസ്ഥാനതല മത്സരങ്ങളിൽ വിദഗ്ധ സമിതി പ്രോജക്ട് റിപ്പോർട്ടും വിദ്യാർത്ഥിയുടെ വിഷയനൈപുണ്യവും വിഷയത്തിന്റെ സമകാലീന പ്രാധാന്യവും, വിദ്യാർത്ഥികളുടെ പ്രോജക്ട് അവതരണ മികവും പരിശോധിച്ച് വിജയികളെ നിശ്ചയിക്കുന്നതാണ്. റിപ്പോർട്ട് തിരികെ നൽകുന്നതല്ല.

**പ്രോജക്ട് തയ്യാറാക്കാനുള്ള പൊതു നിർദ്ദേശങ്ങൾ**

പ്രോജക്ട് റിപ്പോർട്ട് ഡി.റ്റി.പി. ചെയ്തതായിരിക്കണം. പ്രോജെക്ട് റിപ്പോർട്ട് പത്തുപേജിൽ കവിയാതെ ( ഫോണ്ട്സൈസ് 14; സ്പേസിങ് 1.5 ) A4 സൈസിലായിരിക്കണം തയ്യാറാക്കേണ്ടത്. മലയാളത്തിലോ ഇംഗ്ലീഷിലോ ആയിരിക്കണം തയ്യാറാക്കേണ്ടത്. മലയാളത്തിൽ തയാറാക്കുന്ന റിപ്പോർട്ടുകൾക്ക് 'unicode' ഫോണ്ടും, ഇംഗ്ലീഷിൽ തയാറാക്കുന്നവയ്ക്ക് 'ടൈംസ് ന്യൂ റോമൻ' ഫോണ്ടും ഉപയോഗിക്കേണ്ടതാണ്. മൈക്രോസോഫ്റ്റ് ഓഫീസ് വേർഡ് ഡോക്യുമെന്റ് ഉപയോഗിച്ചായിരിക്കണം റിപ്പോർട്ട് തയ്യാറാക്കേണ്ടത്. **വേർഡ് ഫോർമാറ്റിൽ ഉള്ള പ്രോജക്ട് റിപ്പോർട്ട് സോഫ്റ്റ് കോപ്പി അതാത് ജില്ലാ കോർഡിനേറ്റർമാരുടെ ഓഫീസ് മെയിലിലേക്കു ജില്ലാതല മത്സരങ്ങൾക്ക് മുൻപേ അയച്ചു കൊടുക്കേണ്ടതും, ഹാർഡ് കോപ്പി ജില്ലാതല മത്സരദിവസം ജില്ലാകോർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതുമാണ്.**

പ്രോജക്ട് റിപ്പോർട്ടിന്റെ ഘടന ഇപ്രകാരമായിരിക്കണം

1. കവർപേജ്-

' പദ്ധതിയുടെ ശീർഷകം

' ഗ്രൂപ്പ് ലീഡറിന്റെയും സഹപ്രവർത്തകരുടെയും പേരും വിലാസവും മൊബൈൽ നമ്പരും

(ഇംഗ്ലീഷ് വലിയ അക്ഷരത്തിൽ, ജില്ലയുടെ പേര് ഉൾപ്പെടെ)

' ഗൈഡിന്റെ പേരും വിലാസവും

2. അപേക്ഷാ ഫോറം

3. സംഗ്രഹം (abstract) - 250 വാക്കിൽ കവിയാതെയുള്ള സംഗ്രഹം +

പ്രധാന കണ്ടെത്തലും നിർദ്ദേശങ്ങളും (2-4 വാക്യങ്ങളിലായി)

4. ഉള്ളടക്കം (Content & Page Number)

5. ആമുഖം (Introduction)

6. ഉദ്ദേശവും, ലക്ഷ്യവും (Aim & Objective)

7. പഠനരീതി (Method of study)

8. നിരീക്ഷണങ്ങൾ (Observations)

9. ഫലങ്ങൾ (Results)

10. അപഗ്രഥനം (Analysis)

11. പരിസമാപ്തി (Conclusion)

12. പരിഹാര നിർദ്ദേശങ്ങൾ (Recommendations)

13. തുടർപ്രവർത്തനങ്ങൾ (Follow-up action)

14. കൃതജ്ഞത (Acknowledgment)

**പ്രോജക്ടുകളുടെ അവതരണം**

- 8 മിനിട്ടാണ് അവതരണ സമയം, 2 മിനിറ്റ് ചോദ്യോത്തര സമയം (ആകെ 10 മിനിട്ട്).
- പ്രോജക്റ്റ് റിപ്പോർട്ട് ഹാർഡ് കോപ്പി ജില്ലാതല മത്സര ദിവസം ജില്ലാ കോർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്.

- പ്രസന്റേഷൻ ഓപ്പൺ ഓഫീസ് പവർപോയിന്റ് ആയിരിക്കണം. ആനിമേഷൻ സ്ലൈഡ് പാടില്ല.
- സ്ലൈഡുകൾ : ആകെ 12 എണ്ണം മാത്രം.

**അവസാന തീയതിക്ക് മുൻപായി, നിർദ്ദിഷ്ട രീതിയിൽ പൂരിപ്പിച്ച അപേക്ഷാഫോമും (സ്കാൻ ചെയ്ത കോപ്പി), നിർദ്ദിഷ്ടരീതിയിൽ തയാറാക്കിയ പ്രൊജക്റ്റ് റിപ്പോർട്ടും (വേർഡ്) അതാത് ജില്ലാ കോർഡിനേറ്ററുടെ ഇമെയിലിലേയ്ക്ക് അയയ്ക്കേണ്ടതും, സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ വെബ്സൈറ്റിൽ ലഭ്യമായ ഗൂഗിൾ ഫോമിൽ വിവരങ്ങൾ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. അപേക്ഷാഫോമുകളുടെ മാതൃക ചുവടെ ചേർക്കുന്നു.**

Kerala State Biodiversity Board

18th Students' Biodiversity Congress (2025-2026)

## Project Presentation Competition

Application form

| | | |
|---|---|---|
| 1. | Competition Item | Project Presentation |
| 2. | Category (Junior/ Senior/College) | |
| 3. | District | |

| | | |
|---|---|---|
| 4. | Title of the Project | |
| 5. | Name and address of Team Leader with pincode | |
| 6. | Age, Date of Birth, Email ID, Mobile No of Team leader | |
| 7. | Name and address of Team Member, with pincode | |
| 8. | Age, Date of Birth, Email IDs, Mobile No of Team Member | |
| 9. | Address, email ID and Contact number of School | |
| 10. | Project Team leader's Signature | |
| 11. | Whether Biodiversity club registered at your school/college? (Yes/No; if Yes give registration number of the club) | |
| 12. | Guide Teacher's Name, Email ID and Mobile number | |
| 13. | HM's/ Principal's Name & signature with office seal | |

**2.പുരയിട ജൈവവൈവിധ്യ സംരക്ഷണഅവതരണ മത്സരം (ജില്ലാ, സംസ്ഥാനതലം)**

**പ്രമേയം** : Home land: Food-full land

(സ്വദേശം-ഭക്ഷ്യ സമൃദ്ധം)

വ്യക്തിഗത മത്സരയിനമാണിത്. വിദ്യാർത്ഥിയുടെ വീടും പരിസരവും എത്രത്തോളം ജൈവവൈവിധ്യ സമ്പന്നമാണെന്നും, ആയതു സമൃദ്ധമാക്കുവാനുള്ള ശ്രമങ്ങളും, പരിസരജൈവസമ്പത്ത് നേരിടുന്ന പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അത് മനസിലാക്കുന്നതിനും അത് മറികടക്കുന്നതിനുമുള്ള ശ്രമങ്ങളും ആണ് ഈ മത്സരത്തിൽ പവർ പോയിന്റ് രൂപത്തിൽ അവതരിപ്പിക്കേണ്ടത്.

ജില്ലാതലത്തിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന വ്യക്തിക്ക് സംസ്ഥാന തലത്തിൽ പങ്കെടുക്കാൻ അവസരമുണ്ടാകുന്നതാണ്. മത്സരങ്ങൾ 2025 സെപ്റ്റംബർ മാസത്തിൽ ജില്ലാതലത്തിൽ നടത്തുന്നതാണ്. പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ജില്ലാതലത്തിൽ ആദ്യ രണ്ട് സ്ഥാനങ്ങൾ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് മെമന്റോയും സർട്ടിഫിക്കറ്റും നൽകുന്നതാണ്. സംസ്ഥാന തലത്തിൽ ആദ്യ രണ്ട് സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് മെമന്റോയും സർട്ടിഫിക്കറ്റും കാഷ് അവാർഡും ഉണ്ടായിരിക്കുന്നതാണ്. 'പുരയിട ജൈവവൈവിധ്യ സംരക്ഷണ' റിപ്പോർട്ട്, (പൂരിപ്പിച്ച അപേക്ഷാ ഫോറം അടക്കം) ഹാർഡ് കോപ്പി ജില്ലാതലത്തിൽ നിർബന്ധമായും നൽകേണ്ടതാണ്. ജില്ല, സംസ്ഥാനതല മത്സരങ്ങളിൽ വിദഗ്ധ സമിതി പുരയിട ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളും റിപ്പോർട്ടും, വിദ്യാർത്ഥിയുടെ വിഷയനൈപുണ്യവും അവതരണ മികവും പരിശോധിച്ച് വിജയികളെ നിശ്ചയിക്കുന്നതാണ്. റിപ്പോർട്ട് തിരികെ നൽകുന്നതല്ല.

**'പുരയിട ജൈവവൈവിധ്യ സംരക്ഷണ റിപ്പോർട്ട് തയ്യാറാക്കാനുള്ള പൊതു നിർദ്ദേശങ്ങൾ**

റിപ്പോർട്ട് ഡി.റ്റി.പി. ചെയ്തതായിരിക്കണം. പത്തുപേജിൽ കവിയാതെ (ഫോണ്ട്സൈസ് 14; സ്പേസിങ് 1.5) A4 സൈസിലായിരിക്കണം തയ്യാറാക്കേണ്ടത്. മലയാളത്തിലോ ഇംഗ്ലീഷിലോ ആയിരിക്കണം തയ്യാറാക്കേണ്ടത്. മലയാളത്തിൽ തയാറാക്കുന്ന റിപ്പോർട്ടുകൾക്ക് 'Unicode' ഫോണ്ടും, ഇംഗ്ലീഷിൽ തയാറാക്കുന്നവയ്ക്ക് 'ടൈംസ് ന്യൂ റോമൻ'ഫോണ്ടും ഉപയോഗിക്കേണ്ടതാണ്. മൈക്രോസോഫ്റ്റ് ഓഫീസ് വേർഡ് ഡോക്യുമെന്റ് ഉപയോഗിച്ചായിരിക്കണം റിപ്പോർട്ട് തയ്യാറാക്കേണ്ടത്. **വേർഡ് ഫോർമാറ്റിൽ ഉള്ള റിപ്പോർട്ട് സോഫ്റ്റ് കോപ്പി അതാത് ജില്ലാ കോർഡിനേറ്റർമാരുടെ ഓഫീസ് മെയിലിലേക്ക ജില്ലാതല മത്സരങ്ങൾക്ക് മുൻപേ അയച്ചു കൊടുക്കേണ്ടതും, ഹാർഡ് കോപ്പി ജില്ലാതല മത്സരദിവസം ജില്ലാകോർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതുമാണ്.**

റിപ്പോർട്ടിന്റെ ഘടന ഇപ്രകാരമായിരിക്കണം

1. കവർപേജ്-

' ശീർഷകം

' മത്സരാർത്ഥിയുടെ പേരും വിലാസവും മൊബൈൽ നമ്പരും

(ഇംഗ്ലീഷ് വലിയ അക്ഷരത്തിൽ, ജില്ലയുടെ പേര് ഉൾപ്പെടെ)

' ഗൈഡ് ടീച്ചർന്റെ പേരും വിലാസവും

2. അപേക്ഷാ ഫോറം

3.സംഗ്രഹം (abstract) - 250 വാക്കിൽ കവിയാതെയുള്ള സംഗ്രഹം +

പ്രധാന കണ്ടെത്തലും നിർദ്ദേശങ്ങളും (2-4 വാക്യങ്ങളിലായി)

4. ഉള്ളടക്കം (Content & Page Number)

5. ആമുഖം (Introduction)

6. ഉദ്ദേശവും, ലക്ഷ്യവും (Aim & Objective)

7. പഠനരീതി (Method of study)

8. നിരീക്ഷണങ്ങൾ (Observations)

9 . ഫലങ്ങൾ (Results)-പുരയിട ജൈവവൈവിധ്യത്തിൽ ഉൾപ്പെടുന്ന സസ്യങ്ങളുടെയും (ടേബിൾ 1), ജീവജാലങ്ങളുടെയും (ടേബിൾ 2) ശാസ്ത്രീയ നാമങ്ങൾ, തദ്ദേശീയ നാമങ്ങൾ, വിവരണം, ഫോട്ടോ എന്നിവ പട്ടികയായി ഉൾപ്പെടുത്തണം.

10. അപഗ്രഥനം (Analysis)

11. പരിസമാപ്തി (Conclusion)

12. പരിഹാര നിർദ്ദേശങ്ങൾ (Recommendations)

13. തുടർപ്രവർത്തനങ്ങൾ (Follow-up action)

14. കൃതജ്ഞത (Acknowledgment)

**പുരയിട ജൈവവൈവിധ്യ സംരക്ഷണ അവതരണം**

- 8 മിനിട്ടാണ് അവതരണ സമയം, 2 മിനിറ്റ് ചോദ്യോത്തര സമയം (ആകെ 10 മിനിട്ട്)
- റിപ്പോർട്ട്, ജില്ലാതല മത്സര ദിവസം ജില്ലാ കോർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്
- പ്രസന്റേഷൻ ഓപ്പൺ ഓഫീസ് പവർപോയിന്റ് ആയിരിക്കണം. ആനിമേഷൻ സ്ലൈഡ് പാടില്ല.

- സ്ലൈഡുകൾ : ആകെ 12 എണ്ണം മാത്രം.

അവസാന തീയതിക്ക് മുൻപായി, നിർദ്ദിഷ്ട രീതിയിൽ പൂരിപ്പിച്ച അപേക്ഷാഫോമും (സ്കാൻ ചെയ്ത കോപ്പി, നിർദ്ദിഷ്ടരീതിയിൽ തയാറാക്കിയ പ്രൊജക്റ്റ് റിപ്പോർട്ടും (വേർഡ്) അതാത് ജില്ലാ കോർഡിനേറ്ററുടെ ഇമെയിലിലേയ്ക്ക് അയയ്ക്കേണ്ടതും, ഇതോടോപ്പമുള്ള ഗൂഗിൾ ഷീറ്റിൽ വിവരങ്ങൾ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

Kerala State Biodiversity Board

18th Students' Biodiversity Congress (2025-2026)

## Homestead Biodiversity Conservation Presentation Competition

Application form

| | | |
|---|---|---|
| 1. | Competition Item | Homestead biodiversity Conservation-Presentation |
| 2. | Category (Junior/ Senior) | |
| 3. | District | |

| | | |
|---|---|---|
| | | |
| 4. | Topic | |
| 5. | Name and address with of Participant with pincode | |
| 6. | Age, Date of Birth, Email ID, Mobile No of Participant | |
| 7. | Address, email ID and Contact number of School | |
| 8. | Participant's Signature | |
| 9. | Whether Biodiversity club registered at your school?<br>(Yes/No; if Yes give registration number of the club) | |
| 10. | Guide Teacher's Name, Email ID and Mobile number | |
| 11. | HM's/ Principal's Name & signature with office seal | |

**3. പെയിന്റിംഗ് മത്സരം (ജില്ലാതലം)**

ജൂനിയർ, സീനിയർ സ്കൂൾ വിദ്യാർത്ഥികൾക്കായിട്ടാണ് മത്സരങ്ങൾ നടത്തുന്നത്. പൂരിപ്പിച്ച അപേക്ഷാ ഫോം അവസാനതീയതിക്കു മുൻപ് അതാത് ജില്ലാ കോർഡിനേറ്ററുടെ ഇമെയിലിലേയ്ക്ക് അയയ്ക്കേണ്ടതാണ്.

**നിബന്ധനകൾ**

- പ്രമേയം മത്സര വേദിയിൽ വെച്ച് നൽകുതായിരിക്കും.
- വാട്ടർ കളർ മാത്രമേ ഉപയോഗിക്കാവൂ.
- എ3 ചാർട്ട് പേപ്പർ പെയിന്റിംഗ് ചെയ്യുതിന് ഉപയോഗിക്കാവുന്നതാണ്, ആയത് ജില്ലാ കോർഡിനേറ്റർ ലഭ്യമാക്കുന്നതാണ്
- പെയിന്റിങ്ങിന്റെ ഒറിജിനൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ജില്ലാ കോർഡിനേറ്ററെ ഏല്പിക്കേണ്ടതാണ്.
- മത്സര സമയം ഒന്നര മണിക്കൂർ ആയിരിക്കും

Kerala State Biodiversity Board

18th Students' Biodiversity Congress (2025-2026)

## Painting Competition

Application form

| | | |
|---|---|---|
| 1. | Competition Item | Painting competition |
| 2. | Category (Junior/ Senior) | |
| 3. | District | |
| 4. | Name and address of Participant with pincode | |
| 5. | Age, Date of Birth, Email ID, Mobile No of Participant | |
| 6. | Address, email ID and Contact number of School | |
| 7. | Participant's Signature | |
| 8. | Whether Biodiversity club registered at your school? (Yes/No; if Yes give registration number of the club) | |
| 9 | | |

| | | |
|---|---|---|
| 9. | HM's/ Principal's Name & signature with office seal | |

**4.പെൻസിൽ ഡ്രോയിങ് മത്സരം (ജില്ലാതലം)**

ജൂനിയർ, സീനിയർ സ്കൂൾ വിദ്യാർത്ഥികൾക്കായിട്ടാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. മത്സരവേദിയിൽ വച്ച് നൽകുന്ന വിഷയത്തിലധിഷ്ഠിതമായിട്ടാണ് പെൻസിൽ ഡ്രോയിംഗ് മത്സരം നടത്തുന്നത്. പൂരിപ്പിച്ച അപേക്ഷാ ഫോം (സോഫ്റ്റ് കോപ്പി) അവസാന തീയതിക്ക് മുൻപ് അതാത് ജില്ലാ കോർഡിനേറ്ററുടെ ഇമെയിലിലേയ്ക്ക് അയയ്ക്കേണ്ടതാണ്.

**നിബന്ധനകൾ**

- പ്രമേയം, മത്സര വേദിയിൽ വെച്ച് നൽകുന്നതായിരിക്കും.
- എ4 പേപ്പർ മാത്രമേ ഉപയോഗിക്കാവൂ. ആയത് ജില്ലാ ജില്ലാ കോർഡിനേറ്റർ ലഭ്യമാക്കുന്നതാണ്
- വരയ്ക്കുന്നതിന് പെൻസിൽ മാത്രമെ ഉപയോഗിക്കാവൂ (Water soluble, pastel, graphite, charcoal പെൻസിൽ എന്നിവയും ഉപയോഗിക്കാം).
- പെൻസിൽ ഡ്രോയിംങ്ങിന്റെ ഒറിജിനൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ജില്ലാ കോർഡിനേറ്ററെ ഏല്പിക്കേണ്ടതാണ്.
- മത്സര സമയം ഒന്നര മണിക്കൂർ ആയിരിക്കും

Kerala State Biodiversity Board

$18^{th}$ Students' Biodiversity Congress (2025-2026)

## Pencil drawing Competition

Application form

| | | |
|---|---|---|
| 1. | Competition Item | Pencil drawing competition |
| 2. | Category (Junior/ Senior) | |
| 3. | District | |
| 4. | Name and address of Participant with pincode | |
| 5. | Age, Date of Birth, Email ID, Mobile No of Participant | |
| 6. | Address, email ID and Contact number of School | |

| | | |
|---|---|---|
| | | |
| 7. | Participant's Signature | |
| 8. | Whether Biodiversity club registered at your school?<br>(Yes/No; if Yes give registration number of the club) | |
| 9. | HM's/ Principal's Name & signature with office seal | |

Signed by
V Balakrishnan
............Date: 12-08-2025 10:32:20
Member Secretary

Kailasam, T.C. 24/3219, No. 43, Belhaven Gardens, Kowdiar P.O., Thiruvananthapuram – 695 003,
Phone : 0471- 2724740, Email: keralabiodiversity@gmail.com, kerala.sbb@kerala.gov.in, Website:www.keralabiodiversity.org